# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന - പുതുക്കിയ നിരക്കിൽ സംസ്ഥാന സർക്കാർ അധിക ധനസഹായം ലഭ്യമാക്കുന്നതിന് തൃതല സഹകരണ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.115/13/തസ്വഭവ തിരുവനന്തപുരം, തീയതി, 22.03.2013

---

പരാമർശം:- 1. 2.1.2012 ലെ ജി.ഒ(എം.എസ്) നം. 2/2012/തസ്വഭവ
2. 16.3.2012 ലെ ജി.ഒ(എം.എസ്) നം. 68/12/തസ്വഭവ
3. 18.9.2012 ലെ ജി.ഒ (സാധാ) നം.2627/12/തസ്വഭവ
4. 14.03.2013 ലെ ജി.ഒ(എം.എസ്) നം. 90/13/തസ്വഭവ

## ഉത്തരവ്

ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിന്റെ അധിക ധനസഹായം നൽകുന്നതിന് സഹകരണമേഖലയിലെ ത്രിതല ബാങ്കിംഗ് സംവിധാനത്തിലൂടെ ആവശ്യമായ തുക വായ്പയായി സമാഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 4 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലെ 13-ാം ഖണ്ഡികയിൽ വായ്പയെടുക്കുകയാണെങ്കിൽ 31-3-2013 നു മുമ്പായി അത് എടുത്തിരിക്കണമെന്നും 1-4-2013 ന് ശേഷം വായ്പയെടുക്കാൻ പാടുള്ളതല്ല എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. 31.03.2013 നു മുമ്പ് ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കുന്നത് ബുദ്ധിമുട്ടാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിന്റെ 10.75% പലിശ നിരക്കിൽ 2012-13 ലെ ഇന്ദിരാ ആവാസ് യോജന വീടുകൾക്ക്, സംസ്ഥാന സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്ന ഒരു വീടിന് 75000/- രൂപ എന്ന നിരക്കിലുള്ള തുക ത്രിതല ബാങ്കിംഗ് സംവിധാനത്തിലൂടെ ലോൺ എടുക്കുന്നതിന്റെ കാലാവധി 30.04.2013 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അതിനുശേഷം ഈ ആവശ്യത്തിന് വായ്പയെടുക്കുവാൻ പാടുള്ളതല്ല.

3. എന്നാൽ 14-ാം ഖണ്ഡികയിൽ സൂചിപ്പിച്ച പ്ലാൻ ഫണ്ട് മാറ്റി ചിലവഴിക്കാനുള്ള അനുവാദം 31.3.2013 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. സർക്കാർ ഉത്തരവിലെ ബാക്കി ഉപാധികൾ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.ജോസ് സിറിയക്,
ചീഫ് സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ